**അടിയന്തിരം**

നം. എൻ2/49655/2016/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി. 29/04/2017
Phone No. 0471 – 2328438
Email: scholarshipdpi@gmail.com

# സർക്കുലർ

വിഷയം :- പൊതുവിദ്യാഭ്യാസം - 2016-17 ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പ് - പുതുക്കൽ അപേക്ഷകളുടെ സൂക്ഷ്മ പരിശോധന തീയതി ദീർഘിപ്പിച്ചിട്ടുള്ളത് - അറിയിപ്പ് - സംബന്ധിച്ച്.

സൂചന :- കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിന്റെ കത്ത് നമ്പർ. 13/09/2016 -S S. തീയതി. 25/04/2017

2016-17 വർഷത്തെ ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പ് പുതുക്കി ലഭിക്കുന്നതിനായുള്ള അപേക്ഷകളുടെ ത്രിതല സൂക്ഷ്മ പരിശോധന പൂർത്തിയാക്കുന്നതിനുള്ള അവസാന തീയതി കഴിഞ്ഞതിനു ശേഷവും സ്കൂൾ തലത്തിലും ജില്ലാ തലത്തിലും ധാരാളം അപേക്ഷകൾ സൂക്ഷ്മപരിശോധന നടത്താതെ ശേഷിക്കുന്നതായി ധാരാളം പരാതികൾ കേന്ദ്രമന്ത്രാലയത്തിനും സംസ്ഥാന സർക്കാരിനും പൊതുവിദ്യാഭ്യാസ വകുപ്പിനും ലഭിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മുൻ വർഷങ്ങളിൽ ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പ് ലഭിച്ചുകൊണ്ടിരുന്ന സെക്കന്ററി തലം വരെയുള്ള കുട്ടികളുടെ (ഒന്നു മുതൽ പത്താം ക്ലാസു വരെ) സ്കോളർഷിപ്പ് പുതുക്കുന്നതിനായുള്ള അപേക്ഷകൾ സ്കൂൾ തലത്തിലും ജില്ലാ തലത്തിലും സൂക്ഷ്മ പരിശോധന നടത്തുവാൻ (വെരിഫിക്കേഷൻ) ഇനിയും ശേഷിക്കുന്നുണ്ടെങ്കിൽ, അത്തരം അപേക്ഷകൾ (പുതുക്കൽ അപേക്ഷകൾ) അടിയന്തിരമായി പരിശോധനകൾ പൂർത്തിയാക്കുന്നതിനു വേണ്ടി നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ (NSP-2.0) റീ ഓപ്പൺ ചെയ്യുന്നതായി സൂചന പ്രകാരം കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്.

**ആയതിന്റെ അടിസ്ഥാനത്തിൽ ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പിനായുള്ള പുതുക്കൽ അപേക്ഷകളുടെ സ്കൂൾ തല പരിശോധന പൂർത്തിയാക്കാത്ത സംസ്ഥാനത്തെ എല്ലാ സർക്കാർ/എയ്ഡഡ്/മറ്റ് അംഗീകൃത സ്കൂളുകളും വിദ്യാഭ്യാസ ഉപഡയറക്ടർമാരും അടിയന്തിരമായി അപേക്ഷകളുടെ വെരിഫിക്കേഷൻ പൂർത്തിയാക്കിയിരിക്കേണ്ടതാണ്. ഈ വിഷയം സംബന്ധിച്ച് ഇനിയും ഒരു അവസരം കൂടി ലഭിക്കുന്നതല്ല.**

ധനകൾ പൂർത്തിയാക്കി സ്കോളർഷിപ്പ് വിഭാഗം സംസ്ഥാന നോഡൽ ഓഫീസറുടെ സൂക്ഷ്മ പരിശോധനകൾക്ക് സമർപ്പിക്കേണ്ടതാണ്.

<u>അപേക്ഷകൾ വെരിഫിക്കേഷൻ നടത്തുന്നതിനായുള്ള സമയക്രമം ചുവടെ പറയുന്നു.</u>

| | | | |
|---|---|---|---|
| **സ്കൂൾതല പരിശോധന** | - | **07/05/2017 വരെ** | **5 മണിയ്ക്കുള്ളിൽ പൂർത്തിയാക്കുക** |
| **ജില്ലാതല പരിശോധന** | - | **10/05/2017 വരെ** | |

സ്കൂൾ പ്രഥമാധ്യാപകർ/വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പിനായുള്ള യൂസർനെയിം/പാസ്‌വേർഡ് (user name/password) ഉപയോഗിച്ച് (NSP - 2.0) പോർട്ടലിൽ കയറി അപേക്ഷകളുടെ പരിശോധനകൾ പൂർത്തിയാക്കേണ്ടതാണ്. പാസ്‌വേർഡ് സംബന്ധിച്ച് എന്തെങ്കിലും ബുദ്ധിമുട്ട് ഉണ്ടായാൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ സ്കോളർഷിപ്പ് സെക്ഷനുമായി (എൻ) ബന്ധപ്പെടേണ്ടതാണ്.

**കൂടുതൽ വിവരങ്ങൾക്ക് ചുവടെ പറയുന്ന ടെലഫോൺ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്. 0471-2328438, 9447990477, 9496304015.**

**Website Address : <u>www.scholarships.gov.in</u>**

ഒപ്പ്/-

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

\\ അംഗീകാരത്തോടെ//

സൂപ്രണ്ട്

പകർപ്പ് :-

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
3. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
4. എല്ലാ സർക്കാർ/എയ്ഡഡ്/മറ്റ് അംഗീകൃത സ്കൂൾ അധികൃതർക്കും